# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5076 27/07/2015 ൽ മറുപടിക്ക്

### ഐ .ഡി .എം .ഐ .പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.രാജു എബ്രഹാം | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികനത്തിനായി കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നടപ്പാക്കുന്ന ഐ .ഡി .എം .ഐ . (ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂട്ട്സ്) പദ്ധതി എന്നുമുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നു ; ഇതേ വരെ എത്ര രൂപ ഇതിനായി സംസ്ഥാനത്തിന് അനുവദിച്ചു ; ഏതൊക്കെ സ്ഥാപനങ്ങൾക്കായി എത്ര തുക വീതം ഓരോ വർഷവും അനുവദിച്ചു എന്ന് സ്ഥാപനങ്ങളുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ ; ഓരോ വർഷവും എത്ര അപേക്ഷയാണ് ലഭിച്ചത് ; | എ) 2009-10 വർഷം മുതൽ നടപ്പാക്കി വരുന്നു. സംസ്ഥാനത്തിന് ഇതുവരെ 30.47 കോടി രൂപ അനുവദിച്ചു. അനുവദിച്ച സ്ഥാപനം, തുക എന്നിവ സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു. ലഭിച്ച അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| ബി) പ്രസ്തുത തുക എന്തൊക്കെ പദ്ധതികൾ നടപ്പാക്കുന്നതിനാണ് അനുവദിച്ചിട്ടുള്ളത് ; തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്ത്; സംസ്ഥാനത്ത് ഈ തുകയുടെ വിതരണച്ചുമതല നിർവ്വഹിക്കുന്നത് ആരാണ്; | ബി) ന്യൂനപക്ഷ പദവി ലഭിച്ചിട്ടുള്ള ന്യൂനപക്ഷ വിഭാഗം നടത്തിവരുന്ന സ്കൂളുകളിലെ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുന്നു. ന്യൂനപക്ഷ സ്കൂളുകളിലെ മാനേജർമാർ നൽകുന്ന ബന്ധപ്പെട്ട രേഖകളോട് കൂടിയ അപേക്ഷ പ്രകാരം തുക അനുവദിക്കുന്നു. സംസ്ഥാനത്തെ തുകയുടെ വിതരണച്ചുമതല പൊതുവിദ്യാഭ്യാസ ഡയറക്ടർക്കാണ്. |
| സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുള്ള സമയപരിധി എത്ര ; പ്രസ്തുത സമയപരിധിക്കുള്ളിൽ എത്ര | സി) ഒരു വർഷം ആണ് സമയപരിധി. വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളാണ് പദ്ധതി നടപ്പാക്കി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത് ; ഏതൊക്കെ സ്ഥാപനങ്ങൾ ; ബാക്കി സ്ഥാപനങ്ങളിൽ ചെലവഴിച്ച തുക എത്ര വീതമെന്നും ബാക്കി തുക ചെലവഴിക്കാത്തതിന്റെ കാരണം എന്തെന്നും സ്ഥാപനങ്ങളുടെ പേരു സഹിതം വ്യക്തമാക്കാമോ ; | | |
| ഡി) | പ്രസ്തുത പദ്ധതിപ്രകാരം ആദ്യ ഗഡു വാങ്ങിയിട്ടുള്ള സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തി ; പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെ ; ആരാണ് പരിശോധന നടത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ; | ഡി) | പി.ഡബ്ല്യൂ.ഡി നിയോഗിച്ച എഞ്ചിനീയർ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള വിലയിരുത്തൽ മാത്രമേ നടത്തിയിട്ടുള്ളൂ. |
| ഇ) | ഫണ്ട് കൈപ്പറ്റിയിട്ടും പദ്ധതി നടപ്പാക്കാത്ത സ്ഥാപനങ്ങളുടെമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്